## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1637

08.06.2018 - ൽ
മറുപടിയ്ക്ക്

### മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെൽവിത്തിനങ്ങൾ

**ചോദ്യം**
**ശ്രീ.തോമസ് ചാണ്ടി**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെൽവിത്ത് ഇനങ്ങൾ ഏതെല്ലാമെന്നും അവ കുട്ടനാട്ടിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | **എ)** മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിൽ നിന്നും 23 ഇനം അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ആയവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>പ്രസ്തുത നെൽവിത്തിനങ്ങളിൽ എം.ഒ. 16 ഉമ നെല്ലിനം കുട്ടനാടിന്റെ 80 % പ്രദേശത്തും കൃഷി ചെയ്യപ്പെടുന്നു. എം.ഒ 22 ശ്രേയസ്സ് ഇനം കഴിഞ്ഞ സീസണിൽ കുട്ടനാട്ടിൽ ഏകദേശം 1500 ഏക്കറിൽ കൃഷി ചെയ്തിട്ടുണ്ട്.<br><br>പുതിയ വിത്തിനങ്ങളായ ശ്രേയസ്സ് (എം.ഒ 22), പൗർണമി (എം.ഒ 23) എന്നിവ പ്രചാരം നേടി വരുന്നു. ഭദ്ര (എം.ഒ 4), പ്രത്യാശ (എം.ഒ 21) എന്നിവ കർണ്ണാടക സംസ്ഥാനത്തിൽ ഉഡുപ്പി മേഖലയിൽ കൃഷി ചെയ്യുന്നുണ്ട്.<br><br>(എം.ഒ 23) പൗർണമി 2017 ൽ പുറത്തിറക്കിയതാണ്. ഇത് കർഷകർക്ക് ഈ സീസണിൽ കൃഷി ചെയ്യാനായി നൽകിവരുന്നു.<br><br>എം.ഒ 1 മുതൽ എം.ഒ 3 വരെയുള്ള ഇനങ്ങൾ പുനരുദ്ധരിച്ച നാടനിനങ്ങളുടെ ശ്രേണിയിൽ പെടുന്നതും എം.ഒ 4 മുതൽ എം.ഒ 22 വരെയുള്ള ഇനങ്ങൾ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുടെ കൂട്ടത്തിൽപെടുന്നവയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | വിത്തിന്റെ പേര് | | പുറത്തിറക്കിയ വർഷം |
|---|---|---|---|
| 1 | എം ഒ 1 | ചെട്ടിവിരിപ്പ് | 1945 |
| 2 | എം ഒ 2 | കല്ലട ചെമ്പാവ് | 1947 |
| 3 | എം ഒ 3 | കഞ്ഞതിക്കിര | 1968 |
| 4 | എം ഒ 4 | ഭദ്ര | 1978 |
| 5 | എം ഒ 5 | ആശ | 1981 |
| 6 | എം ഒ 6 | പവിഴം | 1982 |
| 7 | എം ഒ 7 | കാർത്തിക | 1987 |
| 8 | എം ഒ 8 | അരുണ | 1990 |
| 9 | എം ഒ 9 | മകം | 1990 |
| 10 | എം ഒ 10 | രമ്യ | 1990 |
| 11 | എം ഒ 11 | കനകം | 1990 |
| 12 | എം ഒ 12 | രഞ്ജിനി | 1996 |
| 13 | എം ഒ 13 | പവിത്ര | 1998 |
| 14 | എം ഒ 14 | പഞ്ചമി | 1998 |
| 15 | എം ഒ 15 | രമണിക | 1998 |
| 16 | എം ഒ 16 | ഉമ | 1998 |
| 17 | എം ഒ 17 | രേവതി | 1998 |
| 18 | എം ഒ 18 | കരിഷ്മ | 1998 |
| 19 | എം ഒ 19 | കൃഷ്ണാഞ്ജന | 1998 |
| 20 | എം ഒ 20 | ഗൗരി | 2002 |
| 21 | എം ഒ 21 | പ്രത്യാശ | 2010 |
| 22 | എം ഒ 22 | ശ്രേയസ് | 2015 |
| 23 | എം ഒ 23 | പൗർണമി | 2017 |

സെക്ഷൻ ഓഫീസർ